**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ :865** **29.09.2016** ൽ മറുപടിയ്ക്ക്

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.ആർ. രാമചന്ദ്രൻ**
**ശ്രീ.വി.ആർ. സുനിൽ കുമാർ**
**ശ്രീ. മുഹമ്മദ്മുഹസിൻ. പി**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' ഒരു പരാജയമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നല്ല ഒരു ആശയമായിരുന്നു. എന്നാൽ അത് പൂർണ്ണമായി ലക്ഷ്യം കൈവരിച്ചു എന്നു കരുതുന്നില്ല. |
| (ബി) | പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിച്ച് നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | പദ്ധതി പ്രകാരം അനുവദിച്ച ഭൂമിയെ സംബന്ധിച്ച് ചില ആക്ഷേപങ്ങളും അനുവദിച്ച ഭൂമി യഥാസമയം കൈമാറുന്നതിൽ കാലതാമസവും ഉണ്ടായിട്ടുണ്ട്. ഇവയ്ക്ക് പരിഹാരം കാണാനുള്ള നടപടികളാണ് പ്രാഥമികമായി സ്വീകരിച്ചു വരുന്നത്. |
| (സി) | പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | വീട് വയ്ക്കാൻ സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക കുടുംബ വരുമാനം 75000/-രൂപയിൽ താഴെയായിട്ടുള്ളതും കേരളത്തിൽ ജനിച്ച് സ്ഥിരതാമസമാക്കിയിട്ടുള്ളതും പദ്ധതി പ്രഖ്യാപിച്ച 9.3.12-ന് ശേഷം സ്വന്തം ഭൂമി കൈമാറിയിട്ടില്ലാത്തതും ഭാവിയിൽ കുടുംബസ്വത്ത് പാരമ്പര്യമായി ലഭിക്കാൻ സാദ്ധ്യതയില്ലാത്തതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ലക്ഷ്യമാക്കിയിരുന്നത്. |
| (ഡി) | മധ്യവർത്തികളുടെ ഇടപെടലുകളിലൂടെ വ്യാജരേഖകൾ ചമച്ച് ഭൂമി നേടിയെടുത്തവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ